## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4286** **24.06.2019-ൽ മറുപടിക്ക്**

# കേരളത്തിൽവെച്ച് മരണപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) | പ്രതിമാസം അൻപത് ഇതരസംസ്ഥാന തൊഴിലാളികളെങ്കിലും കേരളത്തിൽവെച്ച് മരിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ മരണം എങ്ങനെ സംഭവിക്കുന്നു എന്ന കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) ബാധകമല്ല. |
| (സി) | ഇപ്പോൾ ഇത്തരം സന്ദർഭങ്ങളിൽ സർക്കാർ അവലംബിക്കുന്ന നടപടികൾ എന്തൊക്കെയാണ്; | (സി) മരണം സംഭവിച്ച തൊഴിലാളി ആവാസ് രജിസ്ട്രേഷൻ കാർഡ് ഉള്ള ആൾ ആണോ എന്നതും മരണ കാരണം, ജോലിക്കിടയിൽ സംഭവിച്ചതാണോ എന്ന് അന്വേഷണം നടത്തുകയും മൃതശരീരം മരിച്ച ആളുടെ സ്വദേശത്ത് എത്തിക്കുന്നതിനുള്ള സഹായം, ആശ്രിതർക്ക് അർഹമായ ധനസഹായം എന്നിവ ലഭ്യമാക്കുന്ന നടപടികൾ തൊഴിൽ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. |
| (ഡി) | ഇതരസംസ്ഥാന തൊഴിലാളികൾ ഏതൊക്കെ വഴിയാണ് സംസ്ഥാനത്തെത്തുന്നതെന്നും എന്തൊക്കെ തൊഴിലിലാണ് ഏർപ്പെടുന്നതെന്നും തൊഴിൽവകുപ്പ് പരിശോധിക്കുന്നുണ്ടോ; | (ഡി) യും (ഇ) യും ഇതരസംസ്ഥാന തൊഴിലാളികൾ എപ്രകാരമാണ് സംസ്ഥാനത്ത് എത്തുന്നത് എന്ന് പ്രത്യേകമായി പരിശോധിക്കാറില്ല. എന്നാൽ തൊഴിൽ വകുപ്പിന്റെ വിവിധ മേഖലകളിലുള്ള പരിശോധനകളിൽ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നതു സംബന്ധിച്ച് പരിശോധന നടത്താറുണ്ട് നിർമ്മാണ മേഖല, ഹോട്ടൽ, കാർഷിക |
| (ഇ) | ഇല്ലെങ്കിൽ ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സർക്കാർ എന്തൊക്കെ | |

| | |
|---|---|
| നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ? | മേഖല എന്നിവിടങ്ങളിലാണ് ഇവർ കൂടുതലായി തൊഴിലിൽ ഏർപ്പെടുന്നതായി കണ്ടുവരുന്നത്. എല്ലാ ഇതര സംസ്ഥാന തൊഴിലാളികളെയും "ആവാസ്" ആരോഗ്യ സുരക്ഷാപദ്ധതിയിൽ ഉൾപ്പെടുത്തി അവരുടെ പൂർണ്ണമായ രജിസ്ട്രേഷൻ നടത്തുവാൻ സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.